# പതിനാലാം കേരള നിയമസഭ
# ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2912** **18.08.2017-ൽ മറുപടിയ്ക്ക്**

## മത്സ്യ അദാലത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.വി. ജോയി<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. മുകേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യബന്ധന വകുപ്പ് സംഘടിപ്പിച്ച മത്സ്യ അദാലത്ത്, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരാതികൾ പരിഹരിക്കാൻ എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | എ) മത്സ്യത്തൊഴിലാളികളുടെ വിവിധങ്ങളായ പരാതികൾ സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതിനും ആയതിന് സത്വര പരിഹാരം കാണുന്നതിനും ഏറെ പ്രയോജനകരമായ പരിപാടിയായാണ് മത്സ്യഅദാലത്തിനെ വിലയിരുത്തുന്നത്. വർഷങ്ങളായി വിവിധ കാരണങ്ങളാൽ അർഹമായ ആനുകൂല്യം ലഭിയ്ക്കാതിരുന്ന നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അർഹമായ ആനുകൂല്യം വളരെ വേഗം ലഭ്യമാക്കുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിലായി ഇതിനകം നടത്തപ്പെട്ട മത്സ്യ അദാലത്തിൽ 20000 ത്തിലധികം പരാതികൾ ലഭിക്കുകയും അവയ്ക്ക് മുന്തിയ പരിഗണന നല്കി പരിഹരിക്കുന്നതിന് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഏതൊക്കെ ജില്ലകളിലാണ് മത്സ്യ അദാലത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | ബി) മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും വിവിധങ്ങളായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുന്നതിനായി മലപ്പുറം, തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ |

| | |
|---|---|
| | മത്സ്യഅദാലത്ത് സംഘടിപ്പിക്കുന്നതിന് 17.07.2017-ലെ സ.ഉ(സാധാ) 564/2017/മഇവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| സി) ആധാർ ലിങ്ക് ചെയ്തിട്ടില്ലെന്ന കാരണത്താലും മറ്റും നിരവധി മത്സ്യതൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | സി) ആധാർ ലിങ്ക് ചെയ്യാത്ത മത്സ്യത്തൊഴിലാളികളിൽ നിന്നും ആധാർ ലിങ്ക് ചെയ്യുന്നതിനായി വേണ്ടുന്ന സത്വര നടപടി സ്വീകരിച്ചതിനു പുറമെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആധാർ ലിങ്ക് ചെയ്യുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് മുഴുവൻ പേരുടെയും ആധാർ ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആധാർ ലിങ്ക് ചെയ്യുന്നതിൽ നിന്നും ഇപ്പോൾ ധനവകുപ്പ് ഇളവ് നൽകിയ വിഭാഗത്തിൽപ്പെട്ടവർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ